**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**
**Fax.No:0471 2331513**

സി.ജി.(1) 21661 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **15/11/2013**

## സർക്കുലർ നമ്പർ 66/2013

വിഷയം– സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ തുക റൗണ്ട് ചെയ്യുന്നത്– നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിക്ഷേപ വായ്പ പ്രവർത്തനങ്ങളിൽ പലിശ കണക്കാക്കുമ്പോഴും, മറ്റ് പണമിടപാടുകളിലും തുക റൗണ്ട് ചെയ്യുന്നതിന് (Rounding of transactions to the nearest rupee) ഒരു ഏകീകൃത രൂപം ഇല്ല എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും പണമിടപാടുകളിൽ 50 പൈസ വരെയുള്ളത് ഉപേക്ഷിക്കാനും 50 പൈസയ്ക്ക് മുകളിൽ ഒരു രൂപ വരെയുള്ളത് ഒരു രൂപയായി റൗണ്ട് ചെയ്യാനും എന്നാൽ യാതൊരു കാരണവശാലും രൂപയുടെ ഫ്രാക്ഷൻ ആയി അയയ്ക്കുന്ന ചെക്കുകളോ ഡ്രാഫ്റ്റുകളോ നിരസിക്കുകയോ അനാദരിക്കുകയോ ചെയ്യരുതെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ പണമിടപാടുകളിൽ തുക റൗണ്ട് ചെയ്യുന്നതിന് ഒരു ഏകീകൃത രൂപം ഉണ്ടാകുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും നിക്ഷേപ, വായ്പ പലിശ കണക്കാക്കുമ്പോഴും മറ്റു പണമിടപാടുകളിലും 50 പൈസവരെയുള്ളത് ഉപേക്ഷിക്കാനും 50 പൈസ്ക്ക് മുകളിൽ ഒരു രൂപവരെയുള്ളത് ഒരു രൂപയായി റൗണ്ട് ചെയ്യേണ്ടതുമാണ്.

2. എന്നാൽ യാതൊരു കാരണവശാലും അംഗങ്ങളുടെയോ ഇടപാടുകാരുടെയോ ചെക്ക് ഡ്രാഫ്റ്റ് മുതലായവ രൂപയുടെ ഫ്രാക്ഷൻ ആയി ലഭിച്ചു എന്ന കാരണത്താൽ നിരസിക്കുകയോ, അനാദരിക്കുകയോ(Dishonour) ചെയ്യരുത്.

3. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് ഈ വിഷയത്തിൽ ഭാരതീയ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശം ബാധകമായിരിക്കും.

4. പണമിടപാടുകൾ നടത്തുന്ന എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും ഈ നിർദ്ദേശം ജീവനക്കാരുടെ ശ്രദ്ധയിൽപെടുത്തേണ്ടതും ഇടപാടുകാർക്കും അംഗങ്ങൾക്കും ഇക്കാര്യത്തിൽ അസൗകര്യം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്,

കെ.വി.സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

1) രജിസ്ട്രാർ
കേരള ഹൈക്കോടതി–ഉപരിപത്രം സഹിതം,
എറണാകുളം.
2) സെക്രട്ടറി
കേരള നിയമസഭ– ഉപരിപത്രം സഹിതം.
3) ആഡിറ്റ് ഡയറക്ടർ
ആഡിറ്റ് ഡയറക്ടറുടെ ആഫീസ്
വികാസ് ഭവൻ, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറക്ടർ
സംസ്ഥാന സഹകരണ ബാങ്ക്
തിരുവനന്തപുരം.
5) മാനേജിംഗ് ഡയറക്ടർ
സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
6) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
7) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
8) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മ്മാർക്കും
9) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മുഖേന)
10) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മ്മാർക്കും
(ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മുഖേന)
11) ജില്ലയിലെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
12) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
13) വെബ്സൈറ്റ്
14) സ്റ്റോക്ക് ഫയൽ/ സ്പെയർ